## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5798     05.07.2013 - ൽ മറുപടിക്ക്**

## റോഡ് ശൃംഖല വികസനം

**ചോദ്യം**

**ശ്രീ.വി.പി.സജീന്ദ്രൻ**
**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**ശ്രീ.ഹൈബി ഈഡൻ**
**ശ്രീ.ജോസഫ് വാഴക്കൻ**

(എ) സംസ്ഥാനത്ത് റോഡ് ശൃംഖല വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

**ഉത്തരം**

**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

(എ) & (ബി) സംസ്ഥാനത്ത് റോഡ് ശൃംഖല വികസനത്തിന്റെ ഭാഗമായിട്ടാണ് കെ.എസ്.ടി.പി. പദ്ധതി വന്നത്. കെ.എസ്.ടി.പി. I പദ്ധതിയിൽ പ്പെടുത്തി 254 കി.മീ. റോഡുകൾ അപ്ഗ്രേഡ് ചെയ്യുകയും 1156 കി.മീ. റോഡുകൾ ഹെവിമെയിന്റനൻസ് ചെയ്യുകയുമുണ്ടായി. ഇതിന്റെ തുടർച്ചയായി ലോകബാങ്ക് ധന സഹായത്തോടെ കെ.എസ്.ടി.പി. II പദ്ധതിയിൽപ്പെടുത്തി 363 കി.മീ. ദൈർഘ്യം വരുന്ന 6 റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്. ഇതു കൂടാതെ തെരഞ്ഞെടുത്ത 1000 കി.മീ. റോഡുകൾ ഹൈവിമെയിന്റനൻസ് ചെയ്യുന്നതിനു വേണ്ടിയുള്ള ഫീസിബിലിറ്റി സ്റ്റഡി പൂർത്തിയായി വരികയാണ്. ഇത് ലഭിച്ചാലുടൻ ലോകബാങ്ക്, നബാർഡ് മുതലായ ഏജൻസികളെ ധനസഹായത്തിന്

സമീപിക്കുന്നതാണ്. പൊതു മരാമത്ത് ഏറ്റെടുത്ത 8570 കി.മീ. ഗ്രാമീണ റോഡുകളുടെ ഫീസിബിലിറ്റി സ്റ്റഡിയും ഇപ്പോൾ നടത്തി വരികയാണ്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിക്ക് ധനസഹായം നൽകുന്നത്; | (സി) കെ.എസ്.ടി.പി. II പദ്ധതിക്ക് ലോകബാങ്കാണ് ധനസഹായം നൽകുന്നത്. |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ? | (ഡി) കെ.എസ്.ടി.പി. II പദ്ധതിയിൽപ്പെട്ട മൂന്ന് റോഡുകളുടെ നിർമ്മാണ പ്രവൃത്തി തുടങ്ങി കഴിഞ്ഞു. രണ്ട് റോഡുകളുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. ബാക്കി റോഡുകളുടെ ഡി.പി.ആർ. ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ